Draft #214 of File 26895/AD A1/3/2021/AD A1 - Part (1) Approved by DEPUTY REGISTRAR I (ADMIN) on 03-Aug-2026 04:20 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: സർവകലാശാലയിലെ പൊതുവായ ഓണാഘോഷവുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ - സംബന്ധിച്ച്. - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7453/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.08.2026

---

*പരാമർശം:*-1. 10.07.2026 ലെ 26895/AD A 1/3/2021/AD A1 -Part (1) നമ്പർ സർക്കുലർ.
2. വൈസ് ചാൻസലറുടെ 03.08.2026 ലെ രജിസ്ട്രാർക്കുള്ള കുറിപ്പ് നം. VC 702/2/048/2026

**<u>ഉത്തരവ്</u>**

2026 ഓഗസ്റ്റ് 1 ന് രാവിലെ 10.30 ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ പ്രൊഫ. ഡോ. ബിനു ജോർജ് വർഗീസ്, രജിസ്ട്രാർ (ഇൻ ചാർജ്ജ്), ഡോ. ശ്രീജിത്ത് സി. എം., പരീക്ഷാ കൺട്രോളർ , ശ്രീ. ബിജു മാത്യു, ഫിനാൻസ് ഓഫീസർ, പ്രൊഫ. ഡോ. കീർത്തി ടി. ആർ. എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ, 2026 ആഗസ്റ്റ് 20-ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന സർവകലാശാലയിലെ പൊതുവായ ഓണാഘോഷവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു.

1. ഓണാഘോഷത്തോട് അനുബന്ധിച്ചുള്ള കലാപരിപാടികൾ സർവകലാശാലാ അസംബ്ലി ഹാളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു.
2. ഓണാഘോഷങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും നേതൃത്വം വഹിക്കുന്നതിനുമായി ചുവടെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു:
    - പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, മെമ്പർ സിൻഡിക്കേറ്റ്
    - പ്രൊഫ. (ഡോ.) കീർത്തി ടി. ആർ., സ്കൂൾ ഓഫ് ബയോസയൻസസ് **(കൺവീനർ)**.
    - പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., സ്കൂൾ ഓഫ് ബയോസയൻസസ്
    - രജിസ്ട്രാർ
    - പരീക്ഷാ കൺട്രോളർ
    - ഫിനാൻസ് ഓഫീസർ
    - പി.ആർ.ഒ.
    - മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റാഫ് യൂണിയൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയൻ, റിക്രിയേഷൻ ക്ലബ്, സംസ്കാര, വിമൻസ് ഫോറം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ, സ്റ്റാഫ് ക്രിക്കറ്റ് ക്ലബ്, കൂടാതെ സർവകലാശാലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ അധ്യാപക/ അനധ്യാപക / വിദ്യാർത്ഥി സംഘടനകളുടെയും സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ്, അല്ലെങ്കിൽ സംഘടന നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി.
3. ഓണാഘോഷവുമായി ബന്ധപ്പെട്ട് 2026 ആഗസ്റ്റ് 20-ന് ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകമായി അത്തപ്പൂക്കളം, വടംവലി എന്നീ മത്സരങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു.

4. അത്തപ്പൂക്കളം, വടംവലി എന്നീ മത്സരങ്ങളുമായി ബന്ധപ്പെട്ട് മത്സരാർത്ഥികൾ പാലിക്കേണ്ട നിയമാവലി രൂപീകരിക്കുന്നതിനും, മറ്റ് കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനും, പായസവിതരണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.
5. ഓണാഘോഷ പരിപാടികളുടെ നടത്തിപ്പിനായി സ്പോൺസർമാരെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.
6. 2026 ആഗസ്റ്റ് 20-ന് രാവിലെ മുതൽ ഉച്ചവരെയുള്ള സമയത്ത് മത്സരങ്ങളും ഉച്ചയ്ക്ക് ശേഷം കലാപരിപാടികളും നടത്തുന്നതിന് തീരുമാനിച്ചു.
7. ഓണാഘോഷത്തിലേക്ക് സിൻഡിക്കേറ്റ് അംഗങ്ങളെ ക്ഷണിക്കുന്നതിന് തീരുമാനിച്ചു.
8. സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സർവകലാശാലയിലെ ഓണാഘോഷത്തിലും അനുബന്ധ മത്സരങ്ങളിലും പങ്കെടുക്കാമെന്ന വിവരം അറിയിക്കുന്നതിന് തീരുമാനിച്ചു.
9. ഓണാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന മത്സരങ്ങൾക്കുള്ള വിധികർത്താക്കളുടെ പാനൽ നിശ്ചയിക്കുന്നതിന് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഉഷ വി ഡി

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/ പഠന വകുപ്പുകൾ/ സ്കൂളുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണവിഭാഗം/ ധനകാര്യം/ അക്കാദമികം/ പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ -കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മഹാത്മാഗാന്ധി സർവകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ്/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി. സെൽ-1
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #214 of File 26895/AD A1/3/2021/AD A1 - Part (1) Approved by DEPUTY REGISTRAR I (ADMIN) on 03-Aug-2026 04:20 PM - Page 2

The document is digitally approved. Hence signature is not needed.